# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 6450 08.11.2016- ൽ മറുപടിക്ക്**

## പത്തനംതിട്ട ജില്ലയിൽ ഹാന്റ് ലൂം, പവർലൂം ഫാക്ടറികൾ ആരംഭിക്കുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം നൽകുന്ന പദ്ധതിയുടെ നടത്തിപ്പിനായി വ്യവസായ വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1-ാം ക്ലാസ്സ് മുതൽ 8-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകുമെന്ന് ബഹു.ധനകാര്യ മന്ത്രിയുടെ 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. അതിനുവേണ്ടി മേൽനോട്ടം വഹിക്കുന്നത് വ്യവസായവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള സംസ്ഥാന കമ്മിറ്റിയും, ജില്ലകളിൽ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ നോഡൽ ഓഫീസറായ ജില്ലാതല കമ്മിറ്റിയുമാണ്. 1-ാം ക്ലാസ്സ് മുതൽ 8-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്കൂൾ യൂണിഫോം കൈത്തറിയിൽ നെയ്തു നൽകുന്നതിനു വേണ്ടി 25 ലക്ഷത്തോളം വരുന്ന കുട്ടികൾക്ക് ഏകദേശം 130 ലക്ഷം മീറ്റർ തുണി ആവശ്യമായി വരുന്നതായി കണ്ടെത്തിയിരുന്നു. എന്നാൽ ഈ പദ്ധതിയുടെ ആദ്യവർഷം എന്ന നിലയ്ക്കും ഈ വർഷത്തിൽ അഞ്ചു മാസം മാത്രമേ സമയലഭ്യതയുള്ളൂ എന്നതും കൈത്തറി മേഖലയിൽ നിന്നും 40 ലക്ഷം മീറ്റർ തുണി മാത്രമേ ഉൽപാദിപ്പിക്കുവാൻ കഴിയുകയുള്ളൂ എന്നതും കണക്കിലെടുത്ത് 05.10.2016 ന് ബഹു.മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ 1-ാം ക്ലാസ്സ് മുതൽ 5-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് അടുത്ത അധ്യയനവർഷം സൗജന്യയൂണിഫോം നൽകുമെന്നും ബാക്കി വരുന്ന |

വിദ്യാർത്ഥികൾക്ക് നിലവിലുള്ള രീതിയിൽ പണം നൽകാമെന്നും തീരുമാനിക്കുകയുണ്ടായി. 160 വിദ്യാഭ്യാസ ഉപജില്ലകൾക്കും കൈത്തറി യൂണിഫോമിന്റെ നിറം തെരഞ്ഞെടുക്കുന്നതിനായി കളർ സാമ്പിളുകൾ നൽകുകയും ഇന്റർനെറ്റിൽ അപ് ലോഡ് ചെയ്യുകയും ചെയ്തു. വിദ്യാഭ്യാസ വകുപ്പിൽ നിന്നും തുണിയുടെ നിറം, അളവ് എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. പുതുക്കിയ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കൈത്തറി യൂണിറ്റുകളോ, ഹാന്റ് ലൂം, പവർലൂം ഫാക്ടറികളോ ഇല്ലാത്ത പത്തനംതിട്ട പോലുള്ള ജില്ലകളിലെ കുട്ടികൾക്ക് യൂണിഫോം വസ്ത്രങ്ങൾ എങ്ങനെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്താകെ സ്കൂൾ യൂണിഫോം നെയ്യുന്നതിനായി കണ്ടെത്തിയ തറികളിൽ ഉൽപാദനം നടത്തി എല്ലാ ജില്ലകളിലെയും കുട്ടികൾക്ക് യൂണിഫോം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

(സി) യൂണിഫോമിനായി കൈത്തറി വസ്ത്രങ്ങൾ തിരഞ്ഞെടുക്കുന്നതു വഴി കൈത്തറി മേഖലയ്ക്ക് ഉണർവുണ്ടാക്കുകയെന്ന ലക്ഷ്യം നടപ്പാക്കുമ്പോഴും, വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പത്തനംതിട്ട ജില്ല പോലുള്ള ജില്ലകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിലുള്ള നെയ്ത്തുകാരെയും പുതുതലമുറയിലെ നെയ്ത്തുകാരെയും ഉൾപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ആയതിനാൽ സംസ്ഥാനത്താകെയുള്ള നെയ്ത്തുതൊഴിലാളികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. പത്തനംതിട്ടയിൽ സ്കൂൾ യൂണിഫോം നെയ്യുന്നതിന് നെയ്ത്തുകാർ മുമ്പോട്ടു വരുകയാണെങ്കിൽ അവരേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(ഡി) പ്രസ്തുത പ്രശ്നം പരിഹരിക്കും വിധം പത്തനംതിട്ട ജില്ലയിൽ ഹാന്റ് ലൂം, പവർലൂം ഫാക്ടറികൾ സർക്കാർ മേഖലയിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

സെക് ഷൻ ഓഫീസർ